**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 251** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ആസൂത്രണം ചെയ്ത പദ്ധതികൾ വിനോദസഞ്ചാര മേഖലയിൽ ഗുണപരമായ നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി, യു.എൻ വിമനുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് 'സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി'. 2022 ഒക്ടോബർ 26 - ന് പദ്ധതിക്ക് തുടക്കമിട്ടു.<br><br>സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ച് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും, സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന നടത്തി വരുന്നു.<br><br>പ്രാദേശിക ജനസമൂഹത്തിലെ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുന്ന വിവിധ ടൂളുകളിൽ ഒന്നായ ജൻഡർ ഓഡിറ്റ്, ടൂറിസം രംഗത്തു ആദ്യമായി നടത്തുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ആണ് കേരളം. നിലവിൽ 6 കേന്ദ്രങ്ങളിൽ ജൻഡർ ഓഡിറ്റ് നടന്നു വരുന്നു, പുതുതായി 10 കേന്ദ്രങ്ങളിൽക്കൂടി ഈ സാമ്പത്തിക വർഷം ജൻഡർ ഓഡിറ്റ് നടപ്പിലാക്കും. ഇതിന് പുറമെ 68 കേന്ദ്രങ്ങളിൽ സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കി. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ നടന്ന് വരുന്ന സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി വളരുകയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുന്നതിന് യു.എൻ വുമൺ -ന്റെ കൂടി പങ്കാളിത്തത്തോടെ ഒരു ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ റെസ്പോൺസിബിൾ & ജൻഡർ ഇൻക്ലൂസീവ് ടൂറിസം 2024 ഒക്ടോബറിൽ നടത്തുന്നതിന് ആലോചിയ്ക്കുന്നുണ്ട്. |
| (ബി) | സ്ത്രീ സൗഹൃദ വിനോദസഞ്ചാര ശൃംഖല സൃഷ്ടിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് 2800 സ്ത്രീകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. വിവിധ പരിശീലനങ്ങളിൽ 83 പേർക്ക് ട്രെയിനേഴ്സ് ഓഫ് ട്രെയിനിംഗ് കോഴ്സും 56 പേർക്ക് ഹോംസ്റ്റേ നടത്തുവാനുള്ള ട്രെയിനിങ്ങും 34 കമ്മ്യൂണിറ്റി ലീഡർ ട്രെയിനിംഗും അഗ്രി ടൂറിസത്തിൽ 48 പേർക്ക് ട്രെയിനിംഗും നൽകുകയുണ്ടായി. 2300ഓളം പേർക്ക് വിമൺ ഫ്രണ്ട്‌ലി ടൂറിസത്തെക്കുറിച്ച് ഓറിയന്റേഷൻ നൽകി. ജൻഡർ ഓഡിറ്റ് 5 സ്ഥലങ്ങളിൽ പൂർത്തിയായി. 11 സ്ഥലങ്ങളിൽ ഈ വർഷം പൂർത്തിയാക്കും. പദ്ധതിയുടെ ഭാഗമായി വിവിധ പരിശീലനങ്ങൾ നടത്തുന്നതിനുവേണ്ടി പരിശീലകരെ തെരഞ്ഞെടുക്കുന്നതിനുള്ള ട്രെയിനിംഗും പൂർത്തിയായി. 73 പേർ പരിശീലനം പൂർത്തിയാക്കി സംസ്ഥാനതല റിസോഴ്സ് പേഴ്സൺമാരായി മാറി. ടൂർ ഗൈഡ്, ടൂർ ഓപ്പറേറ്റർ, ഡ്രൈവർമാർ, ഹോംസ്റ്റേകൾ, റെസ്റ്റോറന്റ് മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാനുള്ള പ്രവർത്തനം സംഘടിപ്പിയ്ക്കും. ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീ സൗഹാർദ്ദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചെയ്തു വരുന്നു. പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ടൂർ ലീഡർ പരിശീലനം നടത്തി. ആദ്യ ബാച്ചിൽ നിന്നും 34 പേർ കമ്മ്യൂണിറ്റി ടൂർ ലീഡർ പരിശീലനം നേടി കഴിഞ്ഞു. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ആകെ യൂണിറ്റുകളിൽ 17631 (70%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്. ഈ യൂണിറ്റുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീ സൗഹാർദ്ദ യാത്രകൾ നടത്തുന്ന സ്ത്രീകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്തി വരുന്നു |

| | | | |
|---|---|---|---|
| (സി) | സ്ത്രീ സൗഹൃദ വിനോദസഞ്ചാര മൊബൈൽ ആപ്പിന്റെ പ്രവർത്തനം വിവരിക്കാമോ; പ്രസ്തുത ആപ്പിന്റെ ഉപയോഗം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | ടൂറിസം വകുപ്പിന്റെ നിലവിലുള്ള മൊബൈൽ ആപ്പ് സഞ്ചാരികൾക്ക് എളുപ്പത്തിൽ വിവരങ്ങൾ നൽകുന്ന രീതിയിലാണ് വികസിപ്പിച്ചിരിക്കുന്നത്. പ്രസ്തുത ആപ്പ് സ്ത്രീ സൗഹാർദ്ദമാക്കുന്ന രീതിയിൽ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വനിതാ യാത്രികർക്ക് വിവിധ സേവനങ്ങളും ഹോംസ്റ്റേയും സുരക്ഷാ ജീവനക്കാരെയും മറ്റും വനിതകളിൽ നിന്നുതന്നെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | വനിതാ യാത്രികർക്ക് വിവിധ സേവനങ്ങളും ഹോംസ്റ്റേയും സുരക്ഷാ ജീവനക്കാരെയും മറ്റും വനിതകളിൽ നിന്നുതന്നെ ലഭ്യമാക്കുന്നതിന് വേണ്ടി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് . സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നുന്നു . |

സെക്ഷൻ ഓഫീസർ